(ബി) നിയമത്തിനു വിപരീതമായി ആർക്കും തന്നെ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല.

(സി) ആരോഗ്യ വകുപ്പിലെ കൃത്യമായ കണക്ക് ശേഖരിച്ചു വരുന്നു. മെഡിക്കൽ കോളേജിൽ നിന്നു രണ്ടു പേരെ ഒന്നിൽ കൂടുതൽ പ്രാവശ്യം മാറേറണ്ടി വന്നിട്ടുണ്ട്. ഗവൺമെൻറിന് സമർപ്പിച്ച അപ്പീൽ പെറ്റീഷൻറെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തവേളയിൽ ചുരുക്കം ചില ഡോക്ടർമാരെ ആരോഗ്യവകുപ്പിൽ മാറ്റി നിയമിക്കേണ്ടി വന്നു. അങ്ങനെ മാറിയ ഡോക്ടർമാരെ കഴിയുന്നതും സൗകര്യപ്രദമായ സ്ഥലത്തുതന്നെ നിയമിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.

(ഡി) അങ്ങനെ ഒരു പരാതി ലഭിച്ചിട്ടില്ല.

(ഇ) രാഷ്ട്രീയ പ്രേരിതമായി ഒരു ഡോക്ടറേയും സ്ഥലം മാറ്റിയിട്ടില്ല. ഡോക്ടറുടെയും സ്റ്റാഫിൻറെയും അശ്രദ്ധ മൂലം ഒരു രോഗി മരണപ്പെട്ടതായി മരണപ്പെട്ട ആളുടെ സഹോദരൻറെ പരാതിയെപ്പറ്റി നടത്തിയ അന്വേഷണ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റപ്പെട്ട തൃശ്ശൂരിലെ ഒരു ഡോക്ടർ അതിനെതിരായി ഹൈക്കോടതിയിൽ നിന്ന് ഒരു താൽക്കാലിക സ്റ്റേ ഓർഡർ വാങ്ങുകയുണ്ടായിട്ടുണ്ട്.

(എഫ്) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുള്ളതിനാൽ വിശദവിവരങ്ങൾ തൽക്കാലം വ്യക്തമാക്കാൻ നിവർത്തിയില്ല.

തൃശ്ശൂരിൽ ഒരു മെഡിക്കൽ കോളേജ്

56 [93] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂരിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കണമെന്ന് സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിന് നിവേദനം നൽകിയിട്ടുണ്ടോ?

ഉത്തരം

ഈ കാര്യം ഗവൺമെൻറിൻറെ പരിഗണനയിലിരിക്കയാണ്.

സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങൾ

57 [94] ശ്രീ. കെ. അനിരുദ്ധൻ:

,, പിണറായി വിജയൻ:

,, എൻ. സുബ്രഹ്മണ്യ ഷേണായ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഉപയോഗത്തിനായി ഭീമമായ തുക ചെലവഴിച്ച് വരുത്തുന്ന പല ഉപകരണങ്ങളും ബന്ധപ്പെട്ടവരുടെ ഉദാസീനത മൂലം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ലെന്ന പരാതി ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ കൊല്ലം ജില്ലാ ആശുപത്രിയിലേക്ക് രണ്ടര ലക്ഷം രൂപ വിലപിടിപ്പുള്ള എക്സ്റേ ഉപകരണം വരുത്തിയിട്ട് അതു സ്ഥാപിക്കുവാൻ കഴിയാതിരിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ ഉപകരണം അടിയന്തിരമായി അവിടെ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നില്ലെന്നു പരാതിയുണ്ടാകാറുണ്ട്.

(ബി) പൊതുമരാമത്തു വകുപ്പിൽ നിന്നും ഇലക്ട്രിക് കണക്ഷൻ നൽകുന്നതു സംബന്ധിച്ച ജോലികൾ പൂർത്തിയാകാത്തതു മൂലം കൊല്ലം ജില്ലാ ആശുപത്രിയിലെ എക്സ്റേ ഉപകരണം സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഉപകരണം അടിയന്തിരമായി സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുതിയ അലോപ്പതി ആശുപത്രികളും ഡിസ്പെൻസറികളും

58 [95] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യത്തിന് പൊതു ജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977, 78, 79, 79–80 വർഷങ്ങളിലായി എത്ര പുതിയ അലോപ്പതി ആശുപത്രികളും ഡിസ്പെൻസറികളും തുറന്നിട്ടുണ്ട്;

(ബി) പുതുതായി തുറന്ന ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കുമെല്ലാം സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ ? എവിടെയെല്ലാം നിയമിക്കാതെയുണ്ട്; എന്തു കൊണ്ട്;

(സി) സർക്കാർ നിർദ്ദേശിച്ച എല്ലാ വ്യവസ്ഥകളും അംഗീകരിച്ചു കൊണ്ട് പഞ്ചായത്തുകൾ കെട്ടിടം തയ്യാറാക്കിയിട്ടും ഡിസ്പെൻസറിയോ ആശുപത്രിയോ തുടങ്ങാനുള്ള ഉത്തരവ് നൽകാതിരുന്നിട്ടുണ്ടോ, എങ്കിൽ അതിനു കാരണമെന്താണ്;

(ഡി) ചിറ്റൂർ താലൂക്കിലെ നല്ലെപ്പിള്ളിപഞ്ചായത്ത് കഴിഞ്ഞ എട്ടു മാസമായി വാടകയും കൊടുത്തു ആശുപത്രിയ്ക്ക് സ്ഥലം എടുത്തിട്ടുണ്ടെങ്കിലും സ്ഥലം ഏറ്റെടുക്കുകയോ സിസ്പെൻസറി തുടങ്ങുകയോ ചെയ്യാത്തത് എന്തു കൊണ്ടാണ്;

(ഇ) ചിറ്റൂർ താലൂക്കിൽ മീനാക്ഷിപുരത്തു ഒരു ഡിസ്പെൻസറി തുടങ്ങാൻ 1978–79-ലെ ബഡ്ജറ്റിൽ വക കൊള്ളിച്ചുവെങ്കിലും ഡിപ്പാർട്ടുമെന്റ് നാളിതുവരെ ഒരു നടപടിയും എടുക്കാതിരുന്നത് എന്തു കൊണ്ടാണ്?

ഉത്തരം

(എ) 1977–78-ൽ രണ്ടു ഡിസ്പെൻസറികളും 1978–79-ൽ ഒരു താലൂക്ക് ഹെഡ് കാർട്ടേഴ്സ് ആശുപത്രിയും പട്ടിക ജാതി പട്ടിക

LIBRARY ARCHIVES Kerala Legislative Assembly